കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **247/2026** തീയതി : **23/11/2026**

പത്രക്കുറിപ്പ്

മാൽപ്രാക്ടീസുമായി ബന്ധപ്പെട്ട ഹിയറിംഗ് തീയതി പുനഃക്രമീകരിച്ചു

കേരള സർവകലാശാല പരീക്ഷ മാൽപ്രാക്ടീസുമായി ബന്ധപ്പെട്ട് 2026 നവംബർ 25 ന് നിശ്ചയിച്ചിരുന്ന വിദ്യാർത്ഥികളുടെ ഹിയറിംഗ് 2026 നവംബർ 30 (തിങ്കളാഴ്ച) യിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. ഹിയറിംഗിന്റെ വേദിയിലും സമയക്രമത്തിലും മാറ്റമുണ്ടായിരിക്കുന്നതല്ല.

പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാല 2026 ഡിസംബർ 04 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ എംബിഎൽ ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാഫലം

കേരള സർവകലാശാല 2026 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് (2024–2026 ബാച്ച്) (സപ്ലിമെന്ററി) സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

ടൈംടേബിൾ

കേരള സർവകലാശാല 2026 ഡിസംബർ 04 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ എംബിഎൽ (ത്രിവത്സരം) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഡിസംബർ 03 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എംഎ/എംഎസ്സി/എംകോം/എംഎസ്ഡബ്ല്യൂ/എംഎംസിജെ/എംഎഎച്ചആർഎം/ എംടിടിഎം (ന്യൂജെനറേഷൻ പ്രോഗ്രാമുകൾ ഉൾപ്പെടെ) (റെഗുലർ/ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാലയിലെ ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (Deutsch A1) ഷോർട്ട് ടേം കോഴ്സിനായി അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : പ്ലസ് ടു/ തത്തുല്യത/ഉയർന്ന യോഗ്യത, കോഴ്സ് ഫീസ്: 8000/-, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: : രാവിലെ 7.30 – 9.00 (തിങ്കൾ മുതൽ വെള്ളി വരെ), ആകെ

സീറ്റുകൾ: : 30, മിനിമം അപേക്ഷകൾ : 10. അപേക്ഷാ ഫീസ്: 105/- രൂപയും രജിസ്ട്രേഷൻ ഫീസ്: 105/- രൂപയുമാണ്. (തുക യൂണിവേഴ്സിറ്റി ക്യാഷ് കൗണ്ടറിലോ ഓൺലൈൻ മുഖേനയോ അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം ജർമ്മൻ വിഭാഗത്തിന്റെ (University) വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://keralauniversity.ac.in/german). പൂരിപ്പിച്ച അപേക്ഷകൾ 2026 നവംബർ 27 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി പാളയം ക്യാമ്പസിലെ സെനറ്റ് ഹൗസിൽ പ്രവർത്തിക്കുന്ന ജർമ്മൻ പഠന വിഭാഗത്തിൽ സമർപ്പിക്കണം.

ക്രിസ്തുമസ് അവധി

കേരള സർവകലാശാലയുടെ കീഴിലുള്ള പഠന-ഗവേഷണ വകുപ്പുകളും, സെന്ററുകളും, അഫിലിയേറ്റഡ് കോളേജുകളും, ക്രിസ്തുമസ് അവധിയ്ക്കായി 2026 ഡിസംബർ 18 ന് വൈകുന്നേരം അടയ്ക്കുകയും 2026 ഡിസംബർ 29 മുതൽ തുറന്നു പ്രവർത്തിക്കുകയും ചെയ്യുന്നതാണ്.

ഉമേഷ് ബി.
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail: ku.release@keralauniversity.ac.in